കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - വകുപ്പിലെ ഫോട്ടോഗ്രാഫി വിഭാഗം നവീകരണം - 4220-60-101-63-Modernisation of DIOs and Establishing new media centres- 16,84,000/ രൂപയ്ക്ക് ഭരണാനുമതി നൽകി -ഉത്തരവാകുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്

G.O.(Rt)84/2023/I&PR Dated,04/08/2023

---

എ.എസ് നമ്പർ : AS/IAP/23/29434 കാലാവധി : 31/03/2024

പരാമർശം:- 1. 30/06/2021 ലെ സ.ഉ.(സാധാ) നം.104/201/ഐ&പിആർ ഉത്തരവ്

2. 30/03/2023 ലെ EELKLV-DV0TVM/88/2023-DB1-PWD

3. 30/06/2023-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്സ്.

AS/IAP/23/29434

ഉത്തരവ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ഫോട്ടോഗ്രാഫി വിഭാഗം നവീകരിക്കുന്നതിനായി ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് 3,20,000 രൂപയും സിവിൽ പ്രവർത്തികൾക്ക് 3,31,000 രൂപയും ഉൾപ്പെടെ 6,51,000 രൂപയുടെ ഭരണാനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നുവെങ്കിലും അതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചിരുന്നില്ല. തുടർന്ന് നടന്ന ചർച്ചകൾക്കനുസൃതമായി ഫോട്ടോഗ്രാഫി വിഭാഗം നവീകരിക്കുന്നത് സംബന്ധിച്ച മുൻ ഡ്രോയിങ്ങിൽ മാറ്റം വരുത്തി പൊതുമരാമത്തു വകുപ്പ് സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ പുതുക്കിയ സ്കെച്ച് അംഗീകരിച്ചിരുന്നു. പുതുക്കിയ സ്കെച്ച് പ്രകാരമുള്ള സിവിൽ പ്രവൃത്തികൾക്ക് 16,84,000/ രൂപയുടെ (GST 18% ആയി ഉയർത്തിയത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ്) പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി പൊതുമരാമത്തു വകുപ്പ് സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

വകുപ്പിൽ ഫോട്ടോഗ്രാഫി വിഭാഗം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്തു വകുപ്പ് സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ സിവിൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തുകയായ 16,84,000/ രൂപയുടെ പ്രൊപ്പോസൽ പരാമർശം (3) പ്രകാരം കൂടിയ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും 2023-24 സാമ്പത്തിക വർഷത്തെ 4220-60-101-63- Modernisation of DIOs and Establishing new media centres എന്ന പ്ലാൻ ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

വകുപ്പ് ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ ഫോട്ടോഗ്രാഫി വിഭാഗം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സിവിൽ പ്രവൃത്തിക്കുള്ള 16,84,000/ രൂപ (പതിനാറ് ലക്ഷത്തി എൺപത്തിനാലായിരം രൂപാ മാത്രം) 2023-24 സാമ്പത്തിക വർഷത്തെ 4220-60-101-63-

Modernisation of DIOs and Establishing new media centres എന്ന പ്ലാൻ ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവാകുന്നു.

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വകുപ്പിലെ ഫോട്ടോഗ്രാഫി വിഭാഗം നവീകരണം-സംബന്ധിച്ച് | 16,84,000 |
| ആകെ (പതിനാറ് ലക്ഷത്തി എൺപത്തി നാലായിരം രൂപ) | | **16,84,000** |

എല്ലാ വാങ്ങലുകളും സ്റ്റോറുകൾ വാങ്ങൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വിധേയമായിരിക്കും.

AS/IAP/23/29434

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

**SYAM V**

**Deputy Secretary**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പി.ഡബ്ല്യു.ഡി.(നിർമ്മാണ വിഭാഗം), കേരള നിയമസഭാ സമുച്ചയം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക്കേഷൻസ്/മീഡിയ റിലേഷൻസ്)

ഇൻഫർമേഷൻ ഓഫീസർ, (ആർ & ആർ/പ്ലാനിംഗ്/വെബ് & ന്യൂ മീഡിയ)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്

കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്.

ഓർഡർ പ്രകാരം കൈമാറി,

Syam V

Digitally signed by Syam V
Date:2023.08.10 12:25:30 +05:30